**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2573** **12-12-2022 - ൽ മറുപടിയ്ക്ക്**

**പ്രിവന്റീവ് ഓഫീസർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് ഇൻസ്പെക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സുപ്രീം കോടതി പുറപ്പെടുവിച്ച അപ്പീൽ(സിവിൽ)3913 മുതൽ 3931/2011 വരെയുള്ള കേസുകളിൽ 7.09.2022-ലെ അന്തിമ വിധി നടപ്പാക്കുന്നതിനുള്ള നടപടി എക്സൈസ് വകുപ്പിൽ സ്വീകരിച്ചിട്ടുണ്ടോ, എങ്കിൽ വിശദമാക്കുമോ; | (എ) | ബഹു.സുപ്രീം കോടതി പുറപ്പെടുവിച്ച അപ്പീൽ(സിവിൽ)3913 മുതൽ 3931/2011 വരെയുള്ള കേസുകളിൽ 13.12.2008 ലെ G.O(Ms)22/2008/TD ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 1993-2003 കാലയളവിലെ പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്ന വിഷയമാണ് പരിഗണിച്ചിരുന്നത്.<br><br>മേൽ സർക്കാർ ഉത്തരവിനെതിരെ ബഹു.ഹൈക്കോടതിയിൽ OP.No.34203/2002 & WP(C)Nos.5929/08, 5935/08, 5950/08, 5998/08, 6045/08, 7348/08, 23362/08 & 30902/08 കേസ്സുകൾ ഫയൽ ചെയ്യുകയും, 25.02.2008 ലെ ഉത്തരവിലൂടെ മേൽ സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുകയും സീനിയോരിറ്റി KS&SSR 27c പ്രകാരം advice തീയതി കണക്കാക്കി ഉത്തരവായിരുന്നു. ടി ഉത്തരവിന് എതിരെ WA No.789/2009 ഫയൽ ചെയ്യുകയും 26.02.2009 WA Nos.1050, 669, 753, 755, 757, 758, 763, 764, 765, 789, 806, 904, 1027, 1048, 1053, 1060, 1061, 1071 & 1072 of 2009 ഉത്തരവുകളിലൂടെ ചുവടെ പറയുന്ന വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളതാണ്.<br>"In the result, the Writ Appeals are allowed. The Judgement of the Learned Single Judge under Appeal is reversed and the concerned Writ Petitions are dismissed. Representations, if any, filed against the seniority list of Excise Preventive Officers shall be dealt with by the competent authority, treating GO(Ms)No.22/08/TD, dated 13.02.2008 as valid."<br>13.02.2008 ലെ G.O(Ms)No.22/08/TD ഉത്തരവിലെ മാർഗ്ഗനിർദ്ദേശ പ്രകാരം 02.02.1993 |

| | | | |
|---|---|---|---|
| | | | മുതൽ 30.06.2003 വരെയുള്ള കാലയളവിലെ പ്രിവന്റീവ് ഓഫീസർമാരുടെ സംസ്ഥാനതല അന്തിമ സീനിയോരിറ്റി ലിസ്റ്റ് 16.12.2008 -ലെ XD3-3907/2008 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതും ടി റിട്ട് അപ്പീലിലെ വിധിന്യായം 06.07.2009 ലെ XD3-3907/2008 പ്രകാരം പാലിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. മേൽ റിട്ട് അപ്പീലിനെതിരെയാണ് ശ്രീ.ജിജിപോൾ മുതൽപേർ ബഹു.സുപ്രീം കോടതിയിൽ പ്രത്യേകാനുമതി നൽകി 15805-823/2009 നമ്പരായി കേസ് ഫയൽ ചെയ്യുകയും ടി SLP ബഹു.സുപ്രീം കോടതി തള്ളുകയും ചെയ്തിട്ടുള്ളതാണ്. നിലവിൽ റിട്ട് അപ്പീൽ പ്രകാരമുള്ള ഉത്തരവ് പാലിച്ചിട്ടുള്ളതായി കാണുന്നു. |
| (ബി) | നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. 13.02.2008 ലെ GO(Ms)No.22/08/TD ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം 02.02.1993 മുതൽ 30.06.2003 വരെയുള്ള കാലയളവിലെ പ്രിവന്റീവ് ഓഫീസർമാരുടെ സംസ്ഥാനതല അന്തിമ സീനിയോരിറ്റി ലിസ്റ്റ് ബഹുമാനപ്പെട്ട കോടതി വിധിക്ക് അനുസൃതമായി 16.12.2008 ലെ XD3-3907/2008 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) | ബഹു. സുപ്രീം കോടതിയുടെ 7.09.2022 - ലെ സിഎ 3913/11 കേസിലെ വിധി വന്നശേഷം ക്രമവിരുദ്ധമായി 10.11.2022 - ലെ എക്സ് ഡി3-248635/2020 ഉത്തരവ് പ്രകാരം പ്രിവന്റീവ് ഓഫീസർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് ഇൻസ്പെക്ടർ തസ്തികയിലേക്ക് നൽകിയ താൽക്കാലിക സ്ഥാനകയറ്റം ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാനുള്ള കാരണം വ്യക്തമാക്കുമോ; | (സി) | 01.01.2009 മുതൽ 19.08.2011 വരെയുള്ള കാലയളവിലെ പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട പ്രിവന്റീവ് ഓഫീസർമാർക്ക് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതും ആയത് ക്രമീകരിച്ചിട്ടുള്ളതുമാണ്. മേൽ ക്രമീകരണം 07.02.2022 ലെ സി.എ 3913/2022 കേസുമായി ബന്ധപ്പെട്ടതല്ല. |
| (ഡി) | ബഹു. സുപ്രീം കോടതി വിധി പ്രകാരം സീനിയോറിറ്റി ലിസ്റ്റ് പുനക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | സ്വീകരിച്ചിട്ടുണ്ട്. 12.03.2008 ലെ GO(Ms)No.22/08/TD ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം 02.02.1993 മുതൽ 30.06.2003 വരെയുള്ള കാലയളവിലെ പ്രിവന്റീവ് ഓഫീസർമാരുടെ സംസ്ഥാനതല അന്തിമ സീനിയോരിറ്റി ലിസ്റ്റ് ബഹുമാനപ്പെട്ട കോടതിവിധിയ്ക്ക് അനുസൃതമായി 16.12.2008 ലെ XD3-3907/2008 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിനാൽ മറ്റ് നടപടികൾ ഒന്നും അവശേഷിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ